2024 DECEMBER
19
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഫുഡ് ഡെലിവറിയുടെ ചെലവ് കുറയും; നികുതി കുറക്കാൻ കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** ഓൺലൈൻ ഫുഡ് ഡെലിവറിയുടെ ചെലവ് കുറഞ്ഞേക്കും. നികുതി കുറക്കാൻ ജി.എസ്.ടി കൗൺസിൽ ഒരുങ്ങുന്ന പശ്ചാത്തലത്തിലാണ് ഫുഡ് ഡെലിവറിയുടെ ചെലവ് കുറയാൻ കളമൊരുങ്ങിയത്. 18 ശതമാനത്തിൽ നിന്ന് നികുതി അഞ്ച് ശതമാനമാക്കി കുറക്കാനാണ് ജി.എസ്.ടി കൗൺസിലിന്റെ പദ്ധതി.അതേസമയം, നികുതി കുറക്കുമ്പോൾ ഓൺലൈൻ ഫുഡ് ഡെലിവറി ആപുകൾക്ക് നൽകിയിരുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.ടി കൗൺസിൽ നിർ?ത്തിയേക്കും. ഡെലിവറി ചാർജുകൾ കുറക്കുന്നതിനായി ഇടപെടണമെന്ന് കേന്ദ്രസർക്കാറിനോട് കമ്പനികൾ ആവശ്യപ്പെട്ടിരുന്നു. ഇതിന് പിന്നാലെയാണ് സർക്കാർ ഇതിനുള്ള നീക്കം തുടങ്ങിയത്.




ഫുഡ് ഡെലിവറി ആപുകൾ മികച്ച പ്രവർത്തനമാണ് ഇന്ത്യയിൽ നടത്തുന്നത്. സൊമാറ്റോയുടെ ഓഹരികളുടെ വില ഈ വർഷം 136 ശതമാനം ഉയർന്നിരുന്നു. സ്വിഗ്ഗിയുടെ ഓഹരി വില 38 ശതമാനവും കൂടിയിരുന്നു. സ്വിഗ്ഗിയുടെ ഓഹരികൾ ലിസ്റ്റിങ്ങിന് ശേഷം വൻ നേട്ടമാണ് ഉണ്ടാക്കിയത്.

സ്വിഗ്ഗി ഒക്ടോബറിൽ ബോൾട്ട് എന്ന പേരിൽ അതിവേഗ ഡെലിവറി സേവനത്തിനും തുടക്കം കുറിച്ചിരുന്നു. 10 മിനിറ്റിനുള്ളിൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് സ്വിഗ്ഗി പുതിയ സംവിധാനത്തിന് തുടക്കം കുറിച്ചത്. തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ മാത്രമാണ് സംവിധാനം ആദ്യഘട്ടത്തിലുള്ളത്.

## അശ്വിൻ അന്താരാഷ്ട്ര ക്രിക്കറ്റിൽനിന്ന് വിരമിച്ചു



**ബ്രിസ്ബെയ്ൻ:** ഇന്ത്യൻ ക്രിക്കറ്റിൻറെ ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച സ്പിന്നർമാരിൽ ഒരാളായ ആർ. അശ്വിൻ അന്താരാഷ്ട്ര ക്രിക്കറ്റിൽനിന്ന് വിരമിച്ചു. ഓസ്ട്രേലിയക്കെതിരായ മൂന്നാം ടെസ്റ്റ് സമനിലയിൽ അവസാനിച്ചതിനു പിന്നാലെ വാർത്താസമ്മേളനത്തിലാണ് പ്രഖ്യാപനം. നാലാം ടെസ്റ്റിനു മുൻപേ അശ്വിൻ ഇന്ത്യയിലേക്കു മടങ്ങും.

തൻറെയുള്ളിൽ അൽപ്പം ക്രിക്കറ്റ് കൂടി ശേഷിക്കുന്നുണ്ടെന്നാണ് കരുതുന്നതെന്നും, ക്ലബ് ക്രിക്കറ്റിൽ അത് ഉപയോഗിക്കാനാണ് ആഗ്രഹമെന്നും വാർത്താസമ്മേളനത്തിൽ അശ്വിൻ വ്യക്തമാക്കി. ഐപിഎൽ അടക്കമുള്ള ടൂർണമെൻറുകളിൽ തുടർന്നു കളിക്കും.38 വയസായ അശ്വിൻ ഇന്ത്യക്കായി 106 ടെസ്റ്റും 116 ഏകദിനങ്ങളും 65 ടി20 മത്സരങ്ങളും കളിച്ചു. ആദ്യ കാലത്ത് ഓൾ ഫോർമാറ്റ് പ്ലെയറായിരുന്ന അശ്വിനെ പിൽക്കാലത്ത് ടെസ്റ്റ് സ്പെഷ്യലിസ്റ്റായി മാറ്റി നിർത്തിയിരുന്നു. 537 ടെസ്റ്റ് വിക്കറ്റ് സ്വന്തമാക്കിയ അശ്വിൻ ലോവർ ഓർഡറിൽ മികച്ച ബാറ്ററുമായിരുന്നു. ആറ് സെഞ്ചുറിയും 14 അർധ സെഞ്ചുറിയും അടക്കം 3503 ടെസ്റ്റ് റൺസെടുത്തിട്ടുണ്ട്. ടെസ്റ്റ് മത്സരങ്ങളിൽ 37 തവണ അഞ്ച് വിക്കറ്റ് നേട്ടം സ്വന്തമാക്കിയ അശ്വിൻ, എട്ട് തവണ പത്ത് വിക്കറ്റ് നേട്ടവും സ്വന്തമാക്കിയിട്ടുണ്ട്. ഏകദിനത്തിൽ 156 വിക്കറ്റും അന്താരാഷ്ട്ര ടി20യിൽ 72 വിക്കറ്റും നേടി.



## റബർ വിദേശ നിരക്ക് ഉയരങ്ങളിൽ; വില ഉയർത്താതെ റബർ ബോർഡ്

**കോട്ടയം:** റബർ വിദേശആഭ്യന്തര വിലകൾ തമ്മിൽ 20 രൂപയുടെ വ്യത്യാസം. വിദേശത്ത് വില ഇത്ര ഉയരത്തിൽ എത്തുകയും മഴക്കെടുതിയിൽ ഉത്പാദനം കുറയുകയും ചെയ്തിട്ടും വില ഇടിക്കാൻ റബർ ബോർഡും വ്യവസായികളും തമ്മിൽ ഒത്തുകളി. വില 200 രൂപയിലെത്താതെ ചരക്ക് വിൽക്കില്ലെന്ന ഉറച്ച നിലപാടിൽ കർഷകർ സംഘടിതമായി ഷീറ്റ് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ താങ്ങുവില 200 ആയി ഉയർത്തിയാൽ വ്യവസായികളും വില ഉയർത്താൻ തയാറാകും. അപ്രതീക്ഷിത മഴക്കെടുതിയിൽ നവംബർ, ഡിസംബർ മാസങ്ങളിൽ മുൻ വർഷങ്ങളേക്കാൾ ഉത്പാദനം കുറവാണ്.

മുപ്പതിനായിരം ടണ്ണിൽ കുറവായിരിക്കും ഈ മാസങ്ങളിലെ ഉത്പാദനമെന്നാണ് സൂചന. മുൻ വർഷങ്ങളിൽ അര ലക്ഷം ടണ്ണിനു മുകളിലായിരുന്നു നവംബർ മുതൽ ഫെബ്രുവരി വരെ മാസങ്ങളിലെ ഉത്പാദനം. ആർഎസ്എസ് നാല് ഗ്രേഡിന് 191, ഗ്രേഡ് നാലിന് 187 നിരക്കിലായിരുന്നു വില. അതേസമയം വിദേശവില 210നു മുകളിലാണ്.

ലാറ്റക്സിനും ഒട്ടുപാലിനും വില കാര്യമായി കുറഞ്ഞിട്ടുമില്ല. വിപണിയിൽ ഷീറ്റിന് കടുത്ത ക്ഷാമം നേരിടുമ്പോഴും വില ഉയർത്താൻ റബർ ബോർഡ് താത്പര്യപ്പെടുന്നില്ല. നിലവിൽ 200 രൂപയായി വില പ്രഖ്യാപിച്ചാലും നിലവിലെ സാഹചര്യത്തിൽ വ്യവസായികൾ ഷീറ്റ് വാങ്ങാൻ നിർബന്ധിതരാകും.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ചികിത്സാ ചെലവ് പകുതിയോളം കുറയ്ക്കാനായി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** രോഗത്തിന്റെ മുമ്പിൽ ഒരാളും നിസഹായരാകാൻ പാടില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പരമാവധി പേർക്ക് സൗജന്യ ചികിത്സ നൽകുകയാണ് ലക്ഷ്യം. ആരോഗ്യ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾക്ക് ഫലമുണ്ടായി. നാഷണൽ സ്റ്റാറ്റിറ്റിക്സ് സർവേ പ്രകാരം പത്ത് വർഷം മുമ്പ് സംസ്ഥാനത്തെ ആരോഗ്യത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചറിനേക്കാൾ ചികിത്സാ ചെലവ് പകുതിയായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമായതിനാലാണ് ഈ നേട്ടം കൈവരിക്കാനായത്. ഒരു വർഷം 1600 കോടിയിലധികം രൂപയാണ് സൗജന്യ ചികിത്സയ്ക്ക് മാത്രം സർക്കാർ ചെലവഴിക്കുന്നത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വരുന്നതിന് മുമ്പ് 30,000 രൂപ മാത്രമാണ് സൗജന്യ ചികിത്സയ്ക്കായി നൽകിയിരുന്നത്. ഈ സർക്കാരിന്റെ തുടക്കത്തിൽ രണ്ടര ലക്ഷം ക്ലെയിമുകളാണ് സൗജന്യ ചികിത്സയ്ക്ക് ഉണ്ടായിരുന്നത്. ഇപ്പോഴത് ആറേമുക്കാൽ ലക്ഷം കഴിഞ്ഞു. അതായത് 30,000 രൂപയിൽ നിന്നും 5 ലക്ഷം രൂപ ഒരു കുടുംബത്തിന്റെ ഓരോ അംഗത്തിനും ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നു. സൗജന്യ ചികിത്സയിൽ കേരളം ശക്തമായ നിലപാടും പ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമാണിതെന്നും മന്ത്രി പറഞ്ഞു. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആശുപത്രികൾ ആശ്വാസത്തിന്റെ ഇടമാകണം. രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ ഉറപ്പാക്കണം. ഒരാൾക്ക് ശാരീരികമായി രോഗം വരുമ്പോൾ മാനസികമായും വൈകാരികമായും സാമ്പത്തികമായും ബുദ്ധിമുട്ട് നേരിടും. അതുൾക്കൊണ്ട് അവരുടെ ചികിത്സ ഉറപ്പാക്കണം. അനാവശ്യമായി രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യരുത്. ചികിത്സാ സംവിധാനങ്ങളുള്ള താലൂക്ക്, ജില്ലാതല ആശുപത്രികളിൽ തന്നെ രോഗികളെ ചികിത്സിക്കണം. മെഡിക്കൽ കോളേജുകളുടെ ഭാരം കൂട്ടാതിരിക്കാനാണ് മറ്റ് ആശുപത്രികളെ ശാക്തീകരിക്കുന്നത്. ഓരോ ആശുപത്രികളുടേയും റഫറൽ ലിസ്റ്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പേരൂർക്കട ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് 227 കിടക്കകളാണ് സജ്ജമാക്കിയിരിക്കുന്നത്. അതേസമയം ഇന്നലത്തെ നൈറ്റ് സെൻസസ് അനുസരിച്ച് കിടത്തി ചികിത്സയിലുള്ള രോഗികളുടെ എണ്ണം 77 ആണ്. അതേ സമയം മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ബാഹുല്യമാണ്. ഇത് ഉദാഹരണമായെടുത്ത് അതാത് ആശുപത്രികളിൽ നിന്ന് നൽകാവുന്ന ചികിത്സകൾ അവിടെ തന്നെ ലഭ്യമാക്കണം.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എട്ടര വർഷം കൊണ്ട് ചരിത്രത്തിലെ ഏറ്റവും അധികം വികസന പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണ്. തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജും ആർസിസിയും ഉൾപ്പെടെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നോക്കിയാൽ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവർത്തനങ്ങൾ നടക്കുന്ന കാലഘട്ടമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരേ സമയം രണ്ട് ബ്ലോക്കുകളുടെ നിർമ്മാണമാണ് നടക്കുന്നത്. 100 കോടി രൂപ ചെലവഴിച്ചുള്ള എംഎൽടി ബ്ലോക്ക് 80 ശതമാനം പൂർത്തിയായി. സർജിക്കൽ ബ്ലോക്ക് നടപടികൾ പൂർത്തിയായി നിർമ്മാണം ആരംഭിക്കുകയാണ്. ആർസിസിയിൽ 200 കോടിയോളം രൂപ ചെലവഴിച്ചുള്ള കെട്ടിടം 2025 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമാകുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗം രാജ്യത്തെ 5 ആശുപത്രികളുടെ പട്ടികയിൽ ഇടം പിടിച്ച് സെന്റർ ഓഫ് എക്സലൻസായിട്ടുണ്ട്. എല്ലാ ആശുപത്രികളിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പേരൂക്കട ആശുപത്രിയിൽ സജ്ജമാക്കിയതിൽ 8.30 കോടി രൂപ പ്ലാൻ ഫണ്ടാണ്. ഈ കെട്ടിടം നിർമ്മാണം പൂർത്തിയാക്കാൻ 36 കോടി അനുവദിക്കും.

ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളിൽ 10 കാര്യങ്ങളാണ് ലക്ഷ്യം വച്ചിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് ബോർഡ് മാറ്റിവയ്ക്കലല്ല. ആ തദ്ദേശ സ്ഥാപന പരിധിയിലെ മുഴുവൻ കുടുംബങ്ങൾക്കും ആശ്രയിക്കാവുന്ന ഒരിടമാണത്. അവിടെ ലാബ് സംവിധാനമുൾപ്പെടെ പ്രാഥമിക പരിശോധനാ സംവിധാനങ്ങളുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ നിർണയ ലാബ് നെറ്റുവർക്ക് സംവിധാനം യാഥാർത്ഥ്യമാകുകയാണ്. ഇത് രാജ്യത്ത് തന്നെ ആദ്യമായാണ് നടപ്പിലാക്കുന്നത്. താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെയാണ് മെഡിക്കൽ കോളേജുകളിൽ വിപുലമായ സംവിധാനങ്ങൾ സജ്ജമാക്കിയിരിക്കുന്നത്. ആശുപത്രികളിലെ കൂടുതൽ വികസനം ജനകീയ പങ്കാളത്തത്തോട മുന്നോട്ട് പോകാനാകണമെന്നും മന്ത്രി വ്യക്തമാക്കി.

വി.കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ സലൂജ വി.ആർ., സുനിത എസ്., വിളപ്പിൽ രാധാകൃഷ്ണൻ, എം. ജലീൽ, വാർഡ് കൗൺസിലർ ജമീല ശ്രീധരൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഡി.എം.ഒ. ഡോ. ബിന്ദു മോഹൻ, ഡി.പി.എം. ഡോ. ആശ വിജയൻ, ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ് ഡോ. ബി. ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി വൈ വിജയകുമാർ, എക്സി എഞ്ചിനീയർ ഡി. രാജേഷ് എന്നിവർ പങ്കെടുത്തു.

# ഗവേഷണ ധാരണാപത്രം ഒപ്പ് വച്ചു

**ഇടുക്കി:** ഗവണ്മെന്റ് എൻജിനീയറിങ് കോളേജും പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ബോട്ടണി ഡിപ്പാർട്മെന്റും തമ്മിൽ ഗവേഷണ ധാരണ പത്രം ഒപ്പു വച്ചു. കാലഘട്ടത്തിനു അനുയോജ്യമായ സസ്യ ശാസ്ത്രരംഗത്തു മുന്നേറ്റം സാധ്യമാകുന്ന ഗവേഷണ ഉപകരണങ്ങൾ നിർമ്മിക്കുക, അവയ്ക്കു സാധ്യമായ സാങ്കേതിക മികവ് നല്കുക എന്നതാണ് ധാരണപത്രത്തിലൂടെ ലക്ഷ്യമിടുന്നത്. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടന്ന ചടങ്ങിൽ കാതോലിക്കേറ്റ് കോളേജ് പ്രിൻസിപ്പൽ ഡോ . സിന്ധു ജോൺസ് , ഇടുക്കി ഗവണ്മെന്റ് എൻജിന്റിങ് കോളേജ് പ്രിൻസിപ്പൽ ഡോ.ബൈജു ശശിധരൻ , ഡോ.



സന്തോഷ് കുമാർ എസ്, ഡോ. രാജീവ് രാജൻ, ബോട്ടണി വിഭാഗം മേധാവി പ്രൊഫ. ഡോ. ബിനോയ് ടി തോമസ്, അദ്ധ്യാപകരായ ഡോ ദീപ്തി എ.എസ് , ഡോ ഗോകുൽ ജി നായർ, ഡോ നിഷ ജോസഫ്, ഹിമ കെ.എസ് , ഡോ തോമസ് വിപി, ഗൗരി എ എന്നിവർ പങ്കെടുത്തു.

# സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ അദാലത്ത് ഡിസംബർ 20 ന്

**കുമളി:** കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ നിലവിലുള്ള പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള പരാതി പരിഹാര അദാലത്ത് ഡിസംബർ 20 വെള്ളിയാഴ്ച നടത്തും. രാവിലെ പത്തര മുതൽ കുമളി പഞ്ചായത്ത് പ്രിയദർശിനി ഹാളിലാണ് അദാലത്ത്.

കമ്മീഷൻ ചെയർപേഴ്സൺ ശേഖരൻ മിനിയോടൻ, അംഗങ്ങളായ അഡ്വ. സേതു നാരായണൻ, ടി.കെ. വാസു എന്നിവർ പങ്കെടുക്കും.പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാരുടെ വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിൽ ഇരിക്കുന്നതുമായ കേസുകളിൽ, പരാതിക്കാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽകേട്ട് പരാതികൾ തീർപ്പാക്കും.പുതിയ പരാതികളും സ്വീകരിക്കും. ഈ അദാലത്തിൽ പോലീസ് വകുപ്പ്, റവന്യു വകുപ്പ്, വനം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പഞ്ചായത്ത് വകുപ്പ്,ആരോഗ്യ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംബന്ധിക്കും.

# യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് 202425 അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും കല/സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, വ്യവസായം/സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടം കൈവരിച്ചവരുമായ യുവജനങ്ങളെയാണ് അവാർഡിന് പരിഗണിക്കുന്നത്. അവാർഡിനായി നാമനിർദേശം നൽകാവുന്നതോ സ്വമേധയാ അപേക്ഷ സമർപ്പിക്കാവുന്നതോ ആണ്. പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി ആറ് പേർക്കാണ് അവാർഡ് നൽകുന്നത്. യൂത്ത് ഐക്കണായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയുടെ കാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകുന്നതാണ്. നിർദേശങ്ങൾ സ്യെര്യീൗവേശരീ@ഴാമശഹ.രീാ എന്ന മെയിൽ ഐഡിയിൽ അറിയിക്കുക. കൂടാതെ കമ്മീഷന്റെ വികാസ് ഭവനിലുള്ള ഓഫീസിൽ നേരിട്ടും നിർദേശങ്ങൾ നൽകാവുന്നതാണ്. അപേക്ഷകൾ അയക്കേണ്ട അവസാന തീയതി ഡിസംബർ 31. ഫോൺ: 04712308630



# ഭിന്നശേഷി അവകാശ നിയമം 2016 ബോധവൽക്കരണ സെമിനാറും, അദാലത്തും നടന്നു

**ചെറുതോണി:** സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി അവകാശ നിയമം 2016 ബോധവൽക്കരണ സെമിനാറും, അദാലത്തും നടന്നു .ഇടുക്കി ചെറുതോണി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോർജ് പോൾ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തംഗം നിമ്മി ജയൻ അധ്യക്ഷത വഹിച്ചു. ഭിന്നശേഷിക്കാരുടെ സംസ്ഥാന കമ്മീഷണർ പി ടി ബാബുരാജ് മുഖ്യപ്രഭാഷണം നടത്തി. ഫിനാൻസ് ഓഫീസർ ബി സന്തോഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി ആർ രാജീവ് , ആർ വിഷ്ണു, എം ജി രതീഷ് കുമാർ എന്നിവർ സംസാരിച്ചു. സദസ്സിൽ കേൾവി പ്രശ്നമുള്ളവർ ഏറെയുള്ളതിനാൽ ആംഗ്യ ഭാഷാ വിദഗ്ധന്റെ സഹായത്തോടെയാരുന്നു സെമിനാർ തുടർന്നത്. ശേഷം നടന്ന അദാലത്തിൽ പരാതികൾ സ്വീകരിച്ചു. പരാതി കൾ പരിശോധിച്ച് തുടർ നടപടികൾ കൈകൊള്ളുമെന്ന് കമ്മീഷണർ അറിയിച്ചു. ജില്ലയുടെ പ്രത്യേകത കണക്കിലെടുത്ത് കുമളി , അടിമാലി, തൊടുപുഴ എന്നിവിടങ്ങളിലും സെമിനാറും അദാലത്തും നടത്തുമെന്ന് കമ്മീഷണർ പി ടി ബാബുരാജ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആംനസ്റ്റി പദ്ധതിയിലേക്ക് 31 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** ജി.എസ്.ടി നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന നികുതി നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 2024 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിശ്ശിക നിവാരണ പദ്ധതിയിലേക്ക് ഡിസംബർ 31 വരെ അപേക്ഷിക്കാം.

കേരള മൂല്യ വർധിത നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം, കേരള നികുതിയിന്മേലുള്ള സർചാർജ് നിയമം, കേരള കാർഷിക ആദായ നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം എന്നീ മുൻകാല നിയമങ്ങളോടനുബന്ധിച്ചുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരമാണ് ഈ പദ്ധതിയിലൂടെ ലഭ്യമായിരിക്കുന്നത്.

ഈ പദ്ധതി പ്രകാരം അൻപതിനായിരം രൂപവരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 2024 ഡിസംബർ 1 മുതൽ 2024 ഡിസംബർ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഈ കാലാവധിയിൽ സമർപ്പിച്ച അപേക്ഷയിൻ മേൽ ഷോർട്ട് നോട്ടീസ് ലഭിച്ച് 60 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും കേരള ഫിനാൻസ് ആക്ട് സെക്ഷൻ 9 (3) പ്രകാരം ഈ കാലയളവിൽ സമർപ്പിച്ച അപേക്ഷയിൽ മോഡിഫിക്കേഷൻ ഉത്തരവ് ലഭിച്ച് 60 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും താഴെ പറയുന്ന നിരക്ക് ബാധകമാണ്.

അൻപതിനായിരം രൂപയ്ക്ക് മുകളിൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 36 ശതമാനം ഒടുക്കി തീർപ്പാക്കാം. പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾ (അപ്പീലിലുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 46 ശതമാനവും അപ്പീലിൽ ഇല്ലാത്ത കുടിശ്ശികകൾ നികുതി തുകയുടെ 56 ശതമാനവും) രണ്ട് വിധത്തിൽ തീർപ്പാക്കാം.

ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾ (അപ്പീലിലുള്ള കുടിശ്ശികകൾ നികുതി തുകയുടെ 76 ശതമാനവും അപ്പീലിൽ ഇല്ലാത്ത കുടിശ്ശികകൾ നികുതി തുകയുടെ 86 ശതമാനവും) എന്നിങ്ങനെ തീർപ്പാക്കാം.

ഈ കാലാവധിയിൽ സമർപ്പിച്ച അപേക്ഷയിൻ മേൽ ഷോർട് നോട്ടീസ്, മോഡിഫിക്കേഷൻ ഉത്തരവ് എന്നിവ പ്രകാരമുള്ള പേയ്മെന്റുകൾ 60 ദിവസത്തിന് മുകളിൽ 120 ദിവസത്തിനകം വരെ ചെയ്യുന്നവർക്ക് നിരക്കിൽ 2 ശതമാനം അധിക ബാധ്യത ഉണ്ടാകും.

പദ്ധതി പ്രകാരം ബാധകമാകുന്ന നിരക്കിലുള്ള തുക ഇട്രഷറി പോർട്ടലായ www.tereasury.kerala.gov.in വഴി അടച്ചതിനു ശേഷം അപ്രകാരം അടച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ ഠഠഠ.സല്യമഹമഃലേ.ഴീ.ശി ൽ സമർപ്പിക്കണം.

ഇതുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralataxes.gov.in സന്ദർശിക്കുക അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 1153 /2024 തീയതി 12/12/2024 കാണുക. പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി ഡിസംബർ 31.

# ഇ.പി.എഫ് ഇ.എസ്.ഐ. സംയുക്ത അദാലത്ത് 27ന്

**തിരുവനന്തപുരം:** തൊഴിലാളികൾ, തൊഴിലുടമകൾ, പെൻഷൻകാർ എന്നിവർക്കായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനും, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷനും ചേർന്ന് നടത്തുന്ന പരാതി പരിഹാര ബോധവൽക്കരണ അദാലത്ത് ഈ മാസം 27 ന് നടക്കും.

അഴുത ബ്ളോക്ക് പഞ്ചായത്ത് ഹാളിൽ നടക്കുന്ന പരിപാടിയിൽ രാവിലെ ഒൻപതിന് രജിസ്ട്രേഷൻ തുടങ്ങും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പി. എഫ്. സംബന്ധിച്ച പരാതികൾ മൂന്നാർ പി. എഫ്. ഓഫീസിൽ നേരിട്ടോ, പി. എഫ്. കമ്മീഷണർ, പി.എഫ്. ജില്ലാ ഓഫീസ്, മൂന്നാർ എന്ന വിലാസത്തിലോ അയക്കുക. ഇ.എസ്.ഐ സംബന്ധമായ പരാതികൾ ബ്രാഞ്ച് മാനേജർ, ഇ.എസ്.ഐ കോർപ്പറേഷൻ, തൊടുപുഴ അല്ലെങ്കിൽ ബ്രാഞ്ച് മാനേജർ, ഇ.എസ്.ഐ കോർപ്പറേഷൻ, ഫാത്തിമ മാതാ നഗർ, അടിമാലി എന്ന വിലാസങ്ങളിൽ നേരിട്ടോ, തപാലിലോ, 21 നകം ലഭ്യമാക്കണം.

പി.എഫ്. സംബന്ധമായ പരാതികൾ do.munnar@epfindia.gov.in എന്ന ഇമെയിലിലും, ഇ.എസ്.ഐ സംബന്ധമായ പരാതികൾ bo-thodupuzha.kerala@esic.nic.in, dcbo-munnar.ke@esic.nic.in എന്നീ ഇമെയിലുകളിലും അയക്കാം. പി. എഫ്. നമ്പർ, യു.എ.എൻ, പി.പി.ഓ.നമ്പർ, എസ്റ്റാബ്ലിഷ്മെന്റ് നമ്പർ, മൊബൈൽ നമ്പർ, ഇ.എസ്.ഐ ഇൻഷുറൻസ് നമ്പർ, എന്നിവ ബാധകമായത് ചേർത്തിരിക്കണം. പരിപാടി നടക്കുന്ന ദിവസം നേരിട്ടും പരാതി സമർപ്പിക്കാം. ഫോൺ : 9847731711 ( പി എഫ്), 9497401056 / 8921247470 ( ഇ എസ് ഐ)



# സംസ്ഥാനത്ത് അടുത്തമാസം കോളേജ് ലീഗുകൾ ആരംഭിക്കും: മന്ത്രി വി. അബ്ദുറഹിമാൻ

**കണ്ണൂർ:** ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനമൊട്ടുക്കും അടുത്തമാസം കോളേജ് ലീഗുകൾക്ക് തുടക്കമാകുമെന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. കണ്ണൂർ പള്ളിക്കുന്ന് കൃഷ്ണമേനോൻ സ്മാരക ഗവ. വനിതാ കോളേജിൽ ഗ്രൗണ്ട് ആധുനികവത്കരണം, കായിക വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം, സിമ്മിംഗ് പൂൾ നിർമ്മാണം എന്നിവയുടെ പ്രവൃത്തി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന കായിക വകുപ്പ് അഞ്ച് കോടി രൂപ ചെലവഴിച്ചാണ് കോളേജിൽ ആധുനികവത്കരണം നടത്തുന്നത്.

രാജ്യത്ത് ആദ്യമായി കോളേജ് ലീഗുകൾ ആരംഭിക്കുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി പറഞ്ഞു. കോളേജുകൾ കായിക വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളായതുകൊണ്ടാണ് കായിക വകുപ്പ് അഞ്ച് ഇനങ്ങളിലായി കോളേജ് ലീഗുകൾ ആരംഭിക്കുന്നത്. പുതിയ പ്രതിഭകളെ കണ്ടെത്താനും കൂടുതൽ അവസരങ്ങൾ നൽകാനും പ്രതിഭകൾക്ക് സ്വന്തമായി പോക്കറ്റ് മണി കണ്ടെത്താനും കോളേജ് ലീഗുകളിലൂടെ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

വനിതകൾക്ക് പ്രാധാന്യം നൽകുന്ന പിങ്ക് സ്പോർട്സ് എന്ന ആശയം സർക്കാരിനുണ്ട്. കൃഷ്ണമേനോൻ സ്മാരക ഗവ. വനിത കോളേജിൽ പ്രവൃത്തി ആരംഭിക്കുന്ന കളിക്കളത്തിന് പിങ്ക് സ്റ്റേഡിയം എന്ന പേര് നൽകണമെന്ന് മന്ത്രി നിർദേശിച്ചു.

എല്ലാ കോളേജുകളിലും സ്പോർട്സ് കൗൺസിലുകൾ ആരംഭിക്കും. ഇതിന് നടപടികൾ തുടങ്ങി ക്കഴിഞ്ഞു. കാലിക്കറ്റ് സർവകലാശാലയുമായി ചേർന്ന് കേരള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും. സർവകലാശാലയുടെ നേതൃത്വത്തിൽ അഞ്ച് പുതിയ കോഴ്സുകൾ ആരംഭിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ഡിമാൻഡുള്ള സ്പോർട്സ് എൻജിനീയറിങ്, സ്പോർട്സ് സയൻസ്, സ്പോർട്സ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള കോഴ്സുകൾ സംസ്ഥാനത്തും ലഭ്യമാകും.

കായികമേഖലയിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് രാജ്യത്ത് ആദ്യമായി സ്പോർട്സ് ഇക്കോണമി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. വരാൻ പോകുന്ന കാലങ്ങളിൽ ജിഡിപിയിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന ഒന്നായി ഇത് മാറും. കായിക മേഖലയിൽ താരങ്ങൾക്ക് മൂല്യം കൂട്ടാൻ കായിക ഇക്കണോമിക്ക് സാധിക്കും.

രാജ്യത്ത് ആദ്യമായി കായിക നയം നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണ്. സംസ്ഥാനത്തിന്റെ കായിക നയം മാതൃകയിൽ കേന്ദ്ര സർക്കാർ ഇപ്പോൾ രാജ്യത്തിനു വേണ്ടി കായിക നയം ഇറക്കുകയാണെന്നും മന്ത്രി പറഞ്ഞു.

കായിക താരങ്ങൾക്ക് ഇസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് പൂർത്തീകരിച്ചു കഴിഞ്ഞു. ഇതും ഇന്ത്യയിൽ ആദ്യമായി കേരളമാണ് നടപ്പിലാക്കുന്നത്. വ്യാജ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ ഇസർട്ടിഫിക്കറ്റ് വരുന്നതോടുകൂടി ഇല്ലാതാകും. കോളേജ് തലത്തിൽ സ്പോർട്സ് നിർബന്ധ വിഷയമാക്കണമെന്നുള്ള ഒരു പ്രൊപ്പോസൽ കായിക വകുപ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പും പ്രൈമറി തലങ്ങളിൽ തന്നെ വിദ്യാലയങ്ങളിൽ സ്പോർട്സ് ഒരു വിഷയമായി എടുത്ത് പാഠപുസ്തകങ്ങളുടെ അച്ചടി നടത്തികൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക മേഖലയിൽ വലിയ തോതിലുള്ള നിക്ഷേപമാണ് വന്നു കൊണ്ടിരിക്കുന്നത്. സർക്കാർസ്വകാര്യ മേഖലയിൽ 24,000 കോടി രൂപ കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വന്നു കഴിഞ്ഞു. കായിക അടിസ്ഥാന സൗകര്യ വികസനത്തിന് 225 കോടി രൂപയുടെ പദ്ധതികളാണ് കണ്ണൂർ ജില്ലയിൽ മാത്രമായി നടപ്പാക്കുന്നത്. 60 കോടി രൂപ ചെലവിൽ കണ്ണൂരിലെ ഏറ്റവും വലിയ സ്റ്റേഡിയം തളിപ്പറമ്പിൽ വരാൻ പോവുകയാണെന്നും മന്ത്രി പറഞ്ഞു.

കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ കെ.വി സുമേഷ് എം.എൽ.എ അധ്യക്ഷനായിരുന്നു. മന്ത്രിയുടെ അഭ്യർഥന പ്രകാരം കോളേജിൽ ഇസ്പോർട്സ് യൂനിറ്റ് ആരംഭിക്കാൻ 25 ലക്ഷം രൂപ അനുവദിക്കുന്നതായി കെ.വി സുമേഷ് എംഎൽഎ അറിയിച്ചു.

സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനീയർ പി.കെ അനിൽകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. കണ്ണൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ അഡ്വ. പി ഇന്ദിര, കോർപ്പറേഷൻ കൗൺസിലർമാരായ കൂക്കിരി രാജേഷ്, വി.കെ ഷൈജു, എ കുഞ്ഞമ്പു, ടി രവീന്ദ്രൻ, കായിക യുവജനകാര്യ ഡയറക്ടർ പി വിഷ്ണുരാജ്, കെ എം എം ഗവ വനിത കോളേജ് പ്രിൻസിപ്പൽ ഡോ. കെ.ടി ചന്ദ്രമോഹനൻ, വൈസ് പ്രിൻസിപ്പൽ സി.പി സന്തോഷ്, കണ്ണൂർ സർവകലാശാല യൂണിയൻ ചെയർപേഴ്സൺ ആര്യ രാജീവൻ, ഗവ. വനിതാ കോളേജ് യൂനിയൻ ചെയർപേഴ്സൺ ടി.കെ ഷാനിബ, പിടിഎ വൈസ് പ്രസിഡന്റ് കെ പ്രവീൺ, ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫ. ശ്യാംനാഥ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.സി രഞ്ജിത്ത്, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ സ്പോർട്സ് മെഡിസിൻ സെന്റർ ഉടൻ പ്രവർത്തനക്ഷമമാക്കും

**കണ്ണൂർ:** സ്പോർട്സ് ഡിവിഷനിൽ സ്പോർട്സ് മെഡിസിൻ സെന്റർ ഉടൻ പ്രവർത്തനക്ഷമമാക്കുമെന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. കണ്ണൂർ ഗവ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്പോർട്സ് സ്കൂളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സ്പോർട്സ് ഹോസ്റ്റലിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സ്പോർട്സ് സ്കൂളിൽ നിലവിൽ ഉപയോഗിക്കുന്ന കോർട്ടുകളിൽ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തും. അത്ലറ്റിക്സ്, ഫുട്ബോൾ എന്നിവയ്ക്ക് ആവശ്യമായ പരിശീലന സൗകര്യങ്ങൾ കണ്ടെത്താൻ ശ്രമിക്കും. ഹോസ്റ്റലിൽ മാലിന്യ സംസ്കരണത്തിന് ഇൻസിനറേറ്റർ സൗകര്യമുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി.



# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം: സ്പീക്കർ

## 'താലോലം 2024' ബഡ്സ് ജില്ലാ ഫെസ്റ്റിന് തുടക്കമായി

**തലശ്ശേരി:** പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ, ആവശ്യമായ പിൻബലവും പിന്തുണയും നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്ന് നിയമസഭാ സ്പീക്കർ അഡ്വ. എഎൻ ഷംസീർ പറഞ്ഞു. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിലുള്ള ബഡ്സ് ജില്ലാ ഫെസ്റ്റ് 'താലോലം 2024' തലശ്ശേരി കോടിയേരി ബാലകൃഷ്ണൻ സ്മാരക മുനിസിപ്പൽ ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ. കലോത്സവത്തിന് പൊതുസമൂഹവും മാധ്യമങ്ങളും അർഹമായ പ്രാധാന്യം നൽകുന്നില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിവിധ കഴിവുകളുള്ള ഈ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരണം. അവർക്കാവശ്യമായ പിന്തുണ നൽകണം. കുട്ടികൾക്ക് ആവശ്യമായ പിന്തുണയും പരിപാലനവും നൽകുന്ന എല്ലാ അധ്യാപകരെയും രക്ഷിതാക്കളെയും സ്പീക്കർ അഭിനന്ദിച്ചു.

തലശ്ശേരി നഗരസഭ ചെയർപേഴ്സൺ കെ എം ജമുനാറാണി ടീച്ചർ അധ്യക്ഷയായി. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ എം.വി. ജയൻ, നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.സി അബ്ദുൾഖിലാബ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷബാന ഷാനവാസ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ടി ജെ അരുൺ, കുടുംബശ്രീ മെംബർ സെക്രട്ടറി ഹരി പുതിയില്ലത്ത്, സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഓഫീസർ പി ബിജു, നഗരസഭാ സെക്രട്ടറി എൻ സുരേഷ് കുമാർ, കുടുംബശ്രീ അസി. ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാരയ പി ഒ ദീപ, കെ വിജിത്ത്, കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ പി വിനേഷ്, തലശ്ശേരി നഗരസഭാ സി ഡിഎസ് ചെയർപേഴ്സൺ വി സനില എന്നിവർ സംസാരിച്ചു.

ജില്ലയിലെ 32 ബഡ്സ് സ്കൂളുകളിൽ നിന്നായി 270 ലേറെ കലാപ്രതിഭകളാണ് രണ്ട് ദിവസങ്ങളിലായി വിവിധ മത്സര ഇനങ്ങളിലായി മാറ്റുരയ്ക്കുന്നത്. മൂന്ന് വേദികളിലായാണ് കലാപരിപാടികൾ അരങ്ങേറുന്നത്. ഒരു ഓപ്പൺ സ്റ്റേജിലും പരിപാടികൾ നടക്കുന്നുണ്ട്.

ആദ്യ ദിനം പ്രച്ഛന്നവേഷ മത്സരം, നാടോടി നൃത്തം, ബാൻഡ് മേളം, ലളിതഗാനം, പദ്യപാരായണം, പെൻസിൽ ഡ്രോയിങ്, എംബോസ് പെയിന്റിംഗ് ക്രയോൺ പെയിന്റിംഗ്, പേപ്പർ ക്രാഫ്റ്റ് എന്നീ ഇനങ്ങൾ അരങ്ങേറി. രണ്ടാം ദിനം ഉപകരണ സംഗീത വിഭാഗത്തിൽ ചെണ്ടമേളം, കീബോർഡ്, നാടൻ പാട്ട്, ഒപ്പന, സംഘനൃത്തം, മിമിക്രി എന്നിവ നടക്കും.

# 2025 നവംബറിൽ പൂർത്തീകരിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകും

**കണ്ണൂർ:** ജില്ലാ പഞ്ചായത്തിന്റെ 202526 വാർഷിക പദ്ധതിയുടെ ഭാഗമായുള്ള വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി ഉദ്ഘാടനം ചെയ്തു. 2025 നവംബറിൽ പൂർത്തീകരിക്കാൻ സാധിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുമെന്ന് പ്രസിഡന്റ് പറഞ്ഞു. ദീർഘവീക്ഷണത്തോടെ സുസ്ഥിര വികസന പദ്ധതികൾക്ക് രൂപം നൽകണം. വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാനുതകുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. ഓരോ മേഖലയിലും നിലവിലുള്ള അവസ്ഥകൾ പഠിച്ച് നൂതന പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും അവർ പറഞ്ഞു. വിദ്യാഭ്യാസം, ആരോഗ്യം, തരിശു കൃഷി, ദാരിദ്ര്യ നിർമാർജനം, പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് യൂനിഫോം സേനയിലേക്കുള്ള പരിശീലനം, സമഗ്ര വികസനം, നൈപുണ്യ വികസനം, ഭിന്നശേഷി, പെയിൻ ആൻഡ് പാലിയേറ്റീവ്, കൊമ്മേരി ആടുവളർത്തു കേന്ദ്രം, തളിപ്പറമ്പ് ജില്ലാ കൃഷിത്തോട്ടം എന്നിവയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങി പ്രത്യേക പരിഗണന നൽകുന്ന വിഷയങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ യു.പി ശോഭ അടുത്ത സാമ്പത്തിക വർഷത്തെ വികസന കാഴ്ചപ്പാട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് അസൂത്രണ സമിതി ഉപാധ്യക്ഷൻ ടി ഗംഗാധരൻ മാസ്റ്റർ ചർച്ചയ്ക്കുള്ള നിർദേശങ്ങൾ അവതരിപ്പിച്ചു. സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ വി.കെ സുരേഷ് ബാബു, അഡ്വ. ടി സരള, എൻ.വി ശ്രീജിനി, ജില്ലാ പഞ്ചായത്ത് അംഗം തോമസ് വക്കത്താനം, സെക്രട്ടറി റ്റൈനി സൂസൺ ജോൺ, ഫിനാൻസ് ഓഫീസർ കെ.വി മുകുന്ദൻ, വർക്കിങ് ഗ്രൂപ്പ് ചെയർപേഴ്സൻമാർ കൂടിയായ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, കൺവീനർമാർ, ബ്ലോക്ക്ഗ്രാമ പഞ്ചായത്ത് അധ്യക്ഷന്മാർ ഉൾപ്പെടെയുള്ള മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ദേശിയ സ്കൂൾ ഗെയിംസ്: അണ്ടർ19 വോളിബോൾ കേരള ടീമിനെ നിസ്റ്റിൻ നയിക്കും




**കൊച്ചി:** തെലങ്കാനയിൽ നടക്കുന്ന നാഷണൽ സ്കൂൾ ഗെയിംസിൽ ആൺ കുട്ടികളുടെ അണ്ടർ19 വോളിബോൾ മത്സരത്തിനുള്ള കേരള ടീമിനെ മുത്തൂറ്റ് വോളിബോൾ അക്കാദമി താരം നിസ്റ്റിൻ സി.ബി നയിക്കും. ഈ മാസം 22 മുതൽ 26 വരെയാണ് ദേശിയ ഗെയിംസ് നടക്കുന്നത്.നോർത്ത് പറവൂർ നന്ത്യാട്ടുകുന്നം എസ്.എൻ.വി ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയാണ് നിസ്റ്റിൻ. ടീം അംഗങ്ങൾ അഭിഷേക് വി.സി, അൽ സബിത്ത് ബി, ആന്റോ അഭിഷേക്. ആർ, അഷിൻ ഷാജു, ഫിദുൽ ഹഖ് സി.എം, ജെയ്ക് ഷിനോയ്,മുഹമ്മദ് ഫർഹാൻ, സഞ്ചയ് രഞ്ജൻ, സുബോധ് ചൗധരി, ബിജോ വി വർഗീസ്. കോച്ച് കെ. ശിവദാസൻ, ടീം മാനേജർഡാനി വി.ടീം ഇന്നലെ തെലങ്കാനയിലേക്ക് യാത്ര തിരിച്ചു.

# കരപ്പുറം കാർഷിക കാഴ്ചകൾ2024 പ്രദർശനം 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ

**ചേർത്തല:** ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനത്ത് സംഘടിപ്പിക്കുന്ന കരപ്പുറം കാർഷിക കാഴ്ചകൾ2024 പ്രദർശനത്തിന്റെ ഉദ്ഘാടനം 20 ന് വൈകിട്ട് 4 ന് സ്പീക്കർ എ എൻ ഷംസീർ നിർവഹിക്കും. കാർഷിക വികസന, കർഷകക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിക്കും.

ചേർത്തല തെക്ക് എസ് സി ബി 1344 മായത്തറ ബ്രാഞ്ചിന് സമീപത്തു നിന്നും ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിക്കുന്ന വർണാഭമായ ഘോഷയാത്രയോടെയാണ് പ്രദർശനത്തിന് തുടക്കമാവുക. ഉദ്ഘാടന ചടങ്ങിൽ കെ സി വേണുഗോപാൽ എംപി, എംഎൽഎമാരായ പി പി ചിത്തരഞ്ജൻ, ദലീമ ജോജോ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, മുതിർന്ന കർഷകൻ ആനന്ദൻ അഞ്ചാതറ, കർഷ തൊഴിലാളി വാസുദേവൻ അത്തിക്കാട്ട് എന്നിവർ മുഖ്യാതിഥികളാവും.

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി ജി മോഹനൻ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീതാ ഷാജി, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ഡി മഹേന്ദ്രൻ, ചേർത്തല മുൻസിപ്പൽ ചെയർപെഴ്സൺ ഷേർളി ഭാർഗവൻ, ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിനിമോൾ സാംസൺ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീത കാർത്തികേയൻ, മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബു, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി ശശികല, വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് ചിങ്കുതറ, പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റ്റി എസ് ജാസ്മിൻ, കാർഷികവികസന, കർഷകക്ഷേമവകുപ്പ് ഡയറക്ടർ അദീല അബ്ദുള്ള, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ വി ഉത്തമൻ, പി എസ് ഷാജി, സജിമോൾ ഫ്രാൻസിസ്, കേന്ദ്ര സംഗീത അക്കാദമി അംഗം വയലാർ ശരത്ചന്ദ്ര വർമ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. വൈകിട്ട് ആറ് മണി മുതൽ ശ്രീലക്ഷ്മി എസ് കരുനാഗപ്പള്ളി അവതരിപ്പിക്കുന്ന ഭരതനാട്യം, കുച്ചിപ്പുടി എന്നിവ അരങ്ങേറും. ഡിസംബർ 21 മുതൽ 29 വരെ വിവിധ വിഷയങ്ങളിൽ കാർഷിക, വികസന സെമിനാറുകൾ, ബി ടു ബി മീറ്റ്, കൃഷി അനുഭവം പങ്കുവെക്കൽ, കലാപരിപാടികൾ, സാഹിത്യ, കലാമൽസരങ്ങൾ, ഡി പി ആർ ക്ലിനിക്ക്, മില്ലറ്റ്, കേക്ക് ഫെസ്റ്റ്, വെജിറ്റബിൾ കാർവിങ് മൽസരം, കാർഷിക യന്ത്രോപകരണങ്ങളുടെ സർവീസ് ക്യാമ്പ്, കാർഷിക പ്രശ്നോത്തരി, ഗാനമേള എന്നിവ അരങ്ങേറും.

# സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ നിയമനം

**കണ്ണൂർ:** സമഗ്രശിക്ഷാ കേരളം ജില്ലാ പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള ബിആർസികളിലെ ഗവ. സ്കൂളുകളിൽ ആരംഭിക്കുന്ന 12 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ ട്രെയിനർ, സ്കിൽ സെന്റർ അസിസ്റ്റന്റ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിസംബർ 27 വരെ അപേക്ഷ സമർപ്പിക്കാം. 18നും 35നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷാഫോറം http://www.ssakerala.in/ എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 04972707993

# കാപ്പിക്ക് തിളക്കം: പ്രതീക്ഷയുടെ പച്ചപ്പിൽ കർഷകർ



നാണ്യവിളകൾ വിലത്തകർച്ച നേരിടുന്പോഴും പാനീയ വിളയായ കാപ്പിക്ക് വില ഉയരുന്നത് കർഷകർക്ക് ആശ്വാസമാകുന്നു. ഏറെക്കാലമായി കാപ്പി വിലയിൽ കാര്യമായ വർധന ഉണ്ടായിരുന്നില്ലെങ്കിലും ഏതാനും നാളുകളായി കാപ്പിക്കുരുവിന് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കുന്നുണ്ട്.

മലയോര മേഖലയിൽ കാപ്പിക്കുരു വിളവെടുപ്പ് ആരംഭിച്ച സമയത്താണ് വിലയിലുള്ള കുതിപ്പ്. മുൻ സീസണുകളെ അപേക്ഷിച്ച് കാപ്പിക്ക് ഇക്കുറി വില ഉയർന്നുനിൽക്കുന്നത് കർഷകർക്ക് പ്രതീക്ഷ പകരുന്നുണ്ട്.

ഹൈറേഞ്ചിൽ കുടിയേറിയ കാലം മുതൽ കുരുമുളകിനൊപ്പം കാപ്പിയും കർഷകർ പ്രാധാന്യത്തോടെ കൃഷി ചെയ്തിരുന്നു. മറ്റു വിളകളെ അപേക്ഷിച്ച് പരിചരണവും വളപ്രയോഗവും കുറച്ചു മതിയെന്ന മേൻമയും കാപ്പികൃഷിയിലേക്ക് കർഷകർ തിരിയാനിടയാക്കി.എന്നാൽ ഏതാനും വർഷങ്ങളായി തുടരുന്ന കനത്ത വിലത്തകർച്ച, കാലാവസ്ഥാ വ്യതിയാനം, രോഗ, കീടബാധകൾ എന്നിവ മൂലമുള്ള കൃഷിനാശം കർഷകർക്ക് തിരിച്ചടിയായി. ഇതോടെ പലരും കാപ്പി കൃഷിയിൽനിന്നു പിൻതിരിഞ്ഞു. കാപ്പി വെട്ടിക്കളഞ്ഞ് മറ്റു കൃഷികളിലേക്ക് കർഷകർ കടന്നു.

കാലാവസ്ഥാ വ്യതിയാനം മൂലം ജില്ലയിലെ കാപ്പി ഉത്പാദനം പകുതിയോളമായി കുറഞ്ഞതായാണ് കണക്ക്. വിലത്തകർച്ച മൂലം ഒരു കാലത്ത് കർഷകർ കാപ്പി വിളവെടുപ്പു പോലും നടത്താത്ത സ്ഥിതി വിശേഷവുമുണ്ടായിരുന്നു. തൊഴിലാളികൾക്ക് കാപ്പിക്കുരു തന്നെ കൂലിയായി നൽകിയാണ് പലരും വിളവെടുപ്പു നടത്തിയത്.

വൻകിട തോട്ടങ്ങളിൽ പോലും കാപ്പി വിളവെടുക്കാത്ത അവസ്ഥയുണ്ടായി. തോട്ടങ്ങളിൽ പഴുത്തു പൊഴിഞ്ഞു വീഴുന്ന കാപ്പിക്കുരു നാട്ടുകാർ പെറുക്കിക്കൊണ്ടു പോകുകയായിരുന്നു പതിവ്.

ഈ വർഷാരംഭത്തോടെ തന്നെ കാപ്പിക്കുരുവില കിലോയ്ക്ക് 120ലെത്തിയിരുന്നു. ഇപ്പോൾ തൊണ്ടോടെ 235 മുതൽ 270 വരെ വില ലഭിക്കുന്നുണ്ട്. കാപ്പിപ്പരിപ്പിന് 385 മുതൽ 400 രൂപ വരെയാണ് വിപണിയിൽ വില. വിളവെടുപ്പ് ആരംഭിച്ച ഘട്ടമായതിനാൽ വിപണിയിലേയ്ക്ക് കാപ്പിക്കുരു എത്തിത്തുടങ്ങുന്നതേ ഉള്ളെന്ന് കച്ചവടക്കാർ പറഞ്ഞു.

കേരളത്തിനു പുറമേ ബ്രസീൽ, ഇന്തോനേഷ്യ, വിയറ്റ്നാം, തുടങ്ങിയ രാജ്യങ്ങളിലെ ഉത്പാദനക്കുറവും ആഭ്യന്തര വിദേശ വിപണികളിൽ ആവശ്യക്കാരേറിയതുമാണ് കാപ്പി വില റിക്കാർഡിലെത്താൻ കാരണമെന്നാണ് വ്യാപാരികൾ പറയുന്നത്. കർണാടകയിലെ ലേലകേന്ദ്രങ്ങളാണ് കാപ്പിവില നിശ്ചയിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ കാപ്പി ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളാണ് കർണാടകയും കേരളവും.

രാജ്യത്തെ മൊത്തം ഉത്പാദനത്തിൻറെ 12 ശതമാനമാണ് കേരളത്തിൻറെ സംഭാവന. വയനാട് കഴിഞ്ഞാൽ കാപ്പി ഏറ്റവും അധികം കൃഷി ചെയ്യുന്നത് ഇടുക്കിയിലാണ്. കാപ്പി കർഷകർക്കായി കോഫീ ബോർഡ് വിവിധ പദ്ധതികളും നടപ്പാക്കുന്നുണ്ട്.

ഇതിനിടെ കാപ്പി വില വർധിച്ചതു മൂലം കാപ്പിപ്പൊടിക്കും വിലയേറി. കിലോയ്ക്ക് 250 രൂപയായിരുന്ന കാപ്പിപൊടിയുടെ വില നിലവിൽ 700 രൂപയിലെത്തി നിൽക്കുകയാണ്. വില ഇനിയും ഉയരുമെന്നാണ് വിപണിവൃത്തങ്ങൾ നൽകുന്ന സൂചന.



## ഇനി എല്ലാ വീടുകളിലും പച്ചക്കറി; ദ്രുത ദൗത്യം: പച്ചക്കറി ഉൽപാദന യജ്ഞം വരുന്നു

പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ടു ജനകീയ പ്രചാരണ പരിപാടി നടപ്പാക്കുന്നു. എല്ലാ വീടുകളിലും പച്ചക്കറി ഉൽപാദിപ്പിച്ചു പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് 'സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം'എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൃഷി വകുപ്പ് കരടു രൂപം തയാറാക്കി വരുന്നു. അടുത്ത മാസം പദ്ധതി നടപ്പാക്കും.

**മുഖ്യ ലക്ഷ്യങ്ങൾ**

- അടുത്ത 5 വർഷത്തിനകം പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത.
- കർഷക കൂട്ടായ്മകളെ പ്രോത്സാഹിപ്പിച്ചു പച്ചക്കറി ഉൽപാദനം, വിപണനം, മൂല്യവർധന എന്നീ മേഖലകളിൽ പങ്കാളികളാക്കുക.
- ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറിയുടെ വരവു നിയന്ത്രിക്കുക.
- ഉൽപാദനവും ഉൽപാദനക്ഷമതയും വിപണിയും മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കുക.
- കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- സുസ്ഥിരമായ കാർഷിക വളർച്ചയിലേക്കു നയിക്കുന്ന പരിസ്ഥിതിസൗഹൃദ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക.

## പെരുവലം പാഴ്ച്ചെടിയല്ല, ഗുണങ്ങളേറെ



കുന്നിൻപ്രദേശങ്ങളിലും റോഡരികിലും മലയോരമേഖലയിലെ കിളച്ചുമറിക്കാത്ത സ്ഥലങ്ങളിലും കാണുന്ന വെള്ളപ്പൂക്കൾ നിറഞ്ഞതും വലിയ ഇലയുള്ളതുമായ ചെടിയാണ് പെരുവലം. ഏറെ ഗുണമേന്മകളുള്ള ഈ ചെടി വെരുയ്, വട്ടപ്പലം, ഒരു വേരൻ എന്നീ പേരുകളിലും അറിയപ്പെടുന്നു. വിത്തു വഴിയാണ് വംശ വർധന. കൂടാതെ, വേരിൽനിന്നും തൈകൾ ഉണ്ടായിക്കാണുന്നു. ഒന്ന്, ഒന്നര മീറ്റർവരെ ഉയരത്തിൽ വളരുന്നു. തേക്കിന്റെ ഇലയും പെരുവലത്തിന്റെ ഇലയും മത്സ്യം കെട്ടിക്കൊടുക്കാൻ പണ്ട് ഉപയോഗിച്ചിരുന്നു. ഇല മികച്ച ജൈവവളവും കീടനാശിനിയുമാണ്. പച്ചക്കറികൾക്ക് ഇതിന്റെ പച്ച ഇലകൾ ഇട്ടുകൊടുത്താൽ കീടശല്യം ഒഴിവാക്കാം. ഇലകളിൽ ധാരാളം നൈട്രജൻ അടങ്ങിയിരിക്കുന്നു. ഇലയും വേരും ഔഷധങ്ങൾക്കായി ഉപയോഗിക്കുന്നു. മൂപ്പ് കൂടിയ വട്ടപ്പലത്തിന്റെ വേരിൽ നിന്ന് തൊലിയെടുത്താണ് ഔഷധമാക്കുന്നത്. മൈഗ്രെയ്ൻ, ആസ്മ, കുഴിനഖം, കൊതുകു കടിച്ചുണ്ടാകുന്ന ചെറിച്ചിൽ, ചില ത്വക്ക് രോഗങ്ങൾ, കുട്ടികളിലെ കരപ്പൻ എന്നിവയ്ക്കു മരുന്നാണ്. ഗർഭിണികൾ പെരുവലത്തിന്റെ മരുന്നുകളൊന്നും കഴിക്കരുത് എന്നു പറയുന്നു.

## സമ്മിശ്ര രുചിമേളങ്ങളുടെ മധുരച്ചെപ്പ്, പുലാസൻ



മലേഷ്യയിലെ ഒരു വിളവെടുപ്പുത്സവമാണ് 'ബുഅ പുലാസൻ'. പേര് സൂചിപ്പിക്കുന്നതുപോലെ മധുവിനെ വെല്ലും മധുരമുള്ള പുലാസൻ പഴങ്ങളുടെ വിളവെടുപ്പുവേള. ഒരു പ്രദേശത്തെ കുടുംബങ്ങളെല്ലാം ആഘോഷപൂർവം ഒത്തുചേർന്ന് പരസ്പരം വിശേഷങ്ങൾ കൈമാറുകയും കളിചിരികളുമായി സമയം ചെലവിടുകയും ചെയ്യുന്ന പ്രാദേശിക ഉത്സവം തന്നെയാണ് 'ബുഅ പുലാസൻ'. ഇവരെല്ലാം ഒത്തുകൂടിയിട്ട് പുലാസൻ മരങ്ങളിൽ വിളയാറായി വരുന്ന പഴങ്ങൾ കൂട്ടത്തോടെ വിളവെടുത്ത് ഒരുമിച്ചിരുന്ന് സ്വാദ് നുകരുകയും കഥകൾ പറയുകയും ചെയ്യും. അത്രത്തോളം സന്തോഷമുള്ള ആഘോഷവേളയാണ് മലേഷ്യൻ ജനതയ്ക്ക് 'ബുഅ'. സമൂഹത്തിന്റെ ഐക്യബോധവും പരമ്പരാഗത മൂല്യങ്ങളും ഊട്ടിയുറപ്പിക്കാനുള്ള ഒരവസരം കൂടെയാണ് ഇവർ ഈ പുലാസൻ വിളവെടുപ്പുവേള ആഘോഷിക്കുന്നത്. കാരണം മറ്റൊന്നുമല്ല; മലേഷ്യൻ ജനതയ്ക്ക് പുലാസൻ എന്നത് വെറും ഒരു പഴം മാത്രമല്ല; അവരുടെ സംസ്കാരത്തിന്റെയും പരമ്പരാഗത വിശ്വാസങ്ങളുടെയും അവിഭാജ്യമായ ഒരു ചേരുവ തന്നെയാണ്. അതുകൊണ്ടാണ് പുലാസൻ പഴങ്ങളുടെ ഓരോ വിളവെടുപ്പുകാലവും മലേഷ്യൻ ജനതയ്ക്ക് അവിസ്മരണീയവും ആനന്ദദായകവുമായ ആമോദവേളയായി മാറുന്നത്. പുലാസൻ പഴവും മലേഷ്യയുമായുള്ള നാഭീനാളബന്ധം അത്രമാത്രം ദൃഢമാണ്, ശക്തമാണ്. പുലാസൻ മലേഷ്യയുടെ സന്തതിയാണ്; കൃത്യമായി പറഞ്ഞാൽ പടിഞ്ഞാറൻ മലേഷ്യയുടെ. എന്നു മാത്രമല്ല പുലാസന് ആ പേര് കിട്ടിയതു തന്നെ 'പുലാസ്' എന്ന മലയൻ പദത്തിൽ നിന്നാണ്.

തെക്കുകിഴക്കൻ ഏഷ്യയുടെ പല ഭാഗങ്ങളിലും പുലാസൻ വളരുന്നുണ്ടെങ്കിലും പുലാസന് മലേഷ്യയുമായുള്ളത്ര ബന്ധം മറ്റൊരു രാജ്യവുമായില്ല എന്നു വേണം പറയാൻ. മലയ് പെനിൻസുലയിൽ പണ്ടേക്കു പണ്ടേ ഫലവൃക്ഷമായ പുലാസൻ കൃഷി ചെയ്തിരുന്നു. മലയ് പെനിൻസുലയുടെ പടിഞ്ഞാറൻ തീരത്തുള്ള പെറക് സംസ്ഥാനം, ഫിലിപ്പീൻസ് എന്നിവിടങ്ങളിലെല്ലാം പുലാസൻ സമൃദ്ധമായി വളർന്നിരുന്നു.

# കെ എസ് എഫ് ഇ ലാഭവിഹിതം 35 കോടി രൂപ കൈമാറി

**തിരുവനന്തപുരം:** സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെഎസ്എഫ്ഇ സംസ്ഥാന സർക്കാരിന് ലാഭവിഹിതമായി 35 കോടി രൂപ നൽകി. ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലിന് കമ്പനി ചെയർമാൻ കെ വരദരാജൻ ചെക്ക് കൈമാറി.

കെഎസ്എഫ്ഇ എംഡി ഡോ. എസ് കെ സനിൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ കെ മനോജ്, ബി എസ് പ്രീത, ജനറൽ മാനേജർ (ഫിനാൻസ്) എസ് ശരത്ചന്ദ്രൻ എന്നിവർ പങ്കെടുത്തു.202324 സാമ്പത്തിക വർഷത്തിലെ ലാഭവിഹിതമാണ് കൈമാറിയത്. തൻവർഷം 489 കോടി രൂപയായിരുന്നു കമ്പനിയുടെ അറ്റാദായം. ആകെ വിറ്റുവരവ് 81,751 കോടി രൂപയും. ഈ സാമ്പത്തിക വർഷം ഇതിനകം 90,000 കോടി രൂപയുടെ വിറ്റുവരവുണ്ട്. ഒരുലക്ഷം കോടി രൂപയാണ് ലക്ഷ്യമിട്ടുള്ളത്.

# ഹാബിറ്റാറ്റ്സ് ട്രസ്റ്റ് റ്റിഎച്ച്റ്റി ഗ്രാന്റുകൾ 2024 സ്വീകർത്താക്കളെ പ്രഖ്യാപിച്ചു

**കൊച്ചി :** ഹാബിറ്റാറ്റ്സ് ട്രസ്റ്റ് (റ്റിഎച്ച്റ്റി), അതിന്റെ റ്റിഎച്ച്റ്റി ഗ്രാന്റുകൾ 2024ന്റെ സ്വീകർത്താക്കളെ പ്രഖ്യാപിച്ചു. ഈ ഗ്രാന്റുകൾ, ആകെ 2 കോടി, ഇന്ത്യയിലുടനീളമുള്ള നൂതനവും അളക്കാവുന്നതുമായ സംരക്ഷണ സംരംഭങ്ങളെ പിന്തുണയ്ക്കുക. ജൈവവൈവിധ്യ നഷ്ടം, കാലാവസ്ഥാ പ്രതിസന്ധി, ആഗോള ജലദൗർലഭ്യം എന്നിവയിൽ നിന്ന് ഉയർന്നുവരുന്ന ചില വികസന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിൽ ഹാബിറ്റാറ്റ്സ് ട്രസ്റ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സുസ്ഥിരതയ്ക്കപ്പുറമുള്ളതും നമ്മുടെ ഭാവി സുരക്ഷിതമാക്കാൻ പുനരുജ്ജീവന മാതൃകകൾ വാഗ്ദാനം ചെയ്യുന്നതുമായ പയനിയറിംഗ് ജോലികൾ ഏറ്റെടുക്കാൻ ഇത് പ്രതിജ്ഞാബദ്ധമാണ്.

# ആലപ്പുഴ ബീച്ച് ഫെസ്റ്റ്: ഫുഡ് ഫെസ്റ്റിവെൽ സ്റ്റാളുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു

**ആലപ്പുഴ:** ജില്ലാ ഭരണകൂടം, നഗരസഭ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ആലപ്പുഴ ബീച്ച് ഫെസ്റ്റിനോട് അനുബന്ധിച്ച് ഡിസംബർ 24 മുതൽ 31 വരെ ബീച്ചിൽ സംഘടിപ്പിക്കുന്ന ഫുഡ് ഫെസ്റ്റിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. നോൺവെജ് വെജ് ഐസ്ക്രീം, പായസം സ്റ്റാളുകൾക്ക് പുറമേ ഇന്ത്യൻ, ചൈനീസ്, അറബിക് ഫുഡ് സ്റ്റാളുകൾ ഉണ്ടാകും. പ്രത്യേകം തയ്യാറാക്കുന്ന സ്റ്റാളുകളിലേക്കുള്ള വെള്ളവും വെളിച്ചവും ഫുഡ് ഫെസ്റ്റിവൽ സംഘാടക സമിതി നൽകും. ഏറ്റവും മികച്ച ഒന്നും രണ്ടും സ്റ്റാളുകൾക്ക് അവാർഡ് നൽകും. ആകെ 30 സ്റ്റാളുകളാണ് ക്രമീകരിക്കുന്നത്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന മുറക്ക് സ്റ്റാളുകൾ അനുവദിക്കും. ഫുഡ് ഫെസ്റ്റിവെലിന്റെ ഭാഗമായി കുക്കറി ഷോയും സംഘടിപ്പിക്കും. ആലോചനയോഗത്തിൽ നഗരസഭ ആരോഗ്യ വിഭാഗം ചെയർപേഴ്സൺ എ.എസ് കവിത അധ്യക്ഷത വഹിച്ചു. കൗൺസിലർ എ. ഷാനവാസ്, ബി.അജേഷ്, കെ.പി. വർഗീസ്, ഡോ. ലിന്റോ ഫ്രാൻസിസ്, മോനിഷ ശ്യാം , മനീഷ സജി, സി.ജയകുമാർ, കെ.നാസർ എന്നിവർ സംസാരിച്ചു. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഫോൺ: 9037509907.

# ഇവികളുടെ വിൽപ്പനയിൽ വർധന

**മുംബൈ:** ഈ സാമ്പത്തികവർഷം ഏപ്രിൽ ഒന്നു മുതൽ നവംബർ 30വരെയുള്ള മാസങ്ങളിൽ ഇന്ത്യയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിൽപ്പനയിൽ 25 ശതമാനത്തിലധികം വർധനവുണ്ടായെന്ന് ഘന വ്യവസായ സഹമന്ത്രി ലോക്സഭയിൽ അറിയിച്ചു. 2024 ഏപ്രിൽ ഒന്നു മുതൽ നവംബർ 30 വരെ 13.06 ലക്ഷം ഇവികളാണ് രജിസ്റ്റർ ചെയ്തത്. 202324 സാമ്പത്തിക വർഷത്തിലെ ഇതേ മാസകാലയളവിൽ 10.39 ലക്ഷം ഇവികളാണ് രജിസ്ട്രേഷൻ നടത്തിയത്.

# അന്താരാഷ്ട്ര എനർജി ഫെസ്റ്റിവൽ 2025: സന്നദ്ധപ്രവർത്തകരെ ക്ഷണിച്ചു

**ആലപ്പുഴ:** എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 7,8,9 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന അന്താരാഷ്ട്ര എനർജി ഫെസ്റ്റിവലിലേക്ക് സന്നദ്ധപ്രവർത്തകരെ ക്ഷണിച്ചു. ഡിസംബർ മുതൽ 2025 ഫെബ്രുവരി വരെ മുഴുവൻ സമയ പ്രവർത്തനത്തിനായാണ് അപേക്ഷ ക്ഷണിച്ചത്. താൽപര്യമുള്ളവരും ഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകൾ അറിയണം. മികച്ച ആശയവിനിമയശേഷി അഭികാമ്യം. . താൽപ്പര്യമുള്ള സന്നദ്ധപ്രവർത്തകർ iefk.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയ ഗൂഗിൾ ഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തി ഡിസംബർ 31നകം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കണം. ഫോൺ: 0471 2594922, 9400068335

# മിസ് കേരള 2024 ഡിസംബർ 20ന് ഗ്രാന്റ് ഹയാത്തിൽ

**കൊച്ചി:** ഇംപ്രസാരിയോയുടെ 240 മത് എഡിഷൻ മിസ് കേരള 2024 ഡിസംബർ 20ന് വൈകുന്നേരം ആറു മണിക്ക് ഗ്രാൻഡ് ഹയാത്ത് കൊച്ചിയിൽ അരങ്ങേറും. ഡിസംബർ 7ന് നടന്ന ഓഡിഷനുകളിലൂടെയാണ് കിരീടത്തിലേക്കുള്ള യാത്ര ആരംഭിച്ചത്. 300ലധികം എൻട്രികളിൽ നിന്നും ഓഡിഷനുകളിലൂടെയാണ് 19 ഫൈനലിസ്റ്റുകളെ തെരഞ്ഞെടുത്തത്. ആനിമേറ്ററും ചലച്ചിത്ര നിർമാതാവുമായ അപ്പുണ്ണി നായർ, വെൽനെസ് കോച്ചും സാമൂഹിക സംരംഭകയുമായ രാഖി ജയശങ്കർ, സെലിബ്രിറ്റി ടാലന്റ് മാനേജരായ റീനു ജെയിംസ്, ഫാഷൻ ഡിസൈനറും സ്റ്റൈലിസ്റ്റുമായ സൂരജ് എസ് കെ എന്നിവരാണ് ഓഡിഷനുകൾ വിലയിരുത്തിയത്. മൂന്ന് റൗണ്ടുകൾ ഉൾപ്പെടുന്നതാണ് ഗ്രാന്റ് ഫിനാലെ.ഹരി ആനന്ദ് പ്രൈവറ്റ് രൂപകൽപ്പന ചെയ്ത പരമ്പരാഗത സാരിയും ലെഹംഗകളും ധരിച്ച് മത്സരാർഥികളെത്തുന്ന കലാതീത പാരമ്പര്യങ്ങളാണ് ആദ്യ റൗണ്ട്.ഫാഷൻ ദർശകനായ ജിഷാദ് ഷംസുദ്ദീൻ രൂപകൽപ്പന ചെയ്ത അത്യാധുനിക പാശ്ചാത്യ സ്യൂട്ടുകളിലുള്ള ടെയിലേർഡ് എലിഗൻസ് രണ്ടാം റൗണ്ടും മുംബൈയിൽ നിന്നുള്ള ഡിസൈനർ നീന ശർമ്മയുടെ സായാഹ്ന ഗൗണുകളിലെ ചാരുത പ്രകടമാക്കുന്ന ട്വൈലൈറ്റ് ഗ്രേസ് മൂന്നാം റൗണ്ടുമാണ്. വാക്കുകളുടെ ശക്തിയും ജ്ഞാനവും ആത്മവിശ്വാസവും ചേരുന്ന സർക്കിൾ ഓഫ് എലോക്വൻസ് മിസ് കേരള ടൈറ്റിൽ വിന്നറാകും. ഒന്നാം റണ്ണറപ്പ് എറ്റേണൽ ബ്യൂട്ടിയും രണ്ടാം റണ്ണറപ്പ് ബ്യൂട്ടി വിത്ത് എലഗൻസുമായിരിക്കും.മിസ് ഫോട്ടോജെനിക്, മിസ് ബ്യൂട്ടിഫുൾ ഹെയർ, മിസ് ബ്യൂട്ടിഫുൾ വോയ്സ്, മിസ് ബ്യൂട്ടിഫുൾ സ്കിൻ, മിസ് ബ്യൂട്ടിഫുൾ സ്മൈൽ, മിസ് ബ്യൂട്ടിഫുൾ ഐസ്, മിസ് ടാലന്റഡ്, മിസ് കൺജെനിയാലിറ്റി, മിസ് ഫിറ്റ്നസ് എന്നിവയാണ് സബ്ടൈറ്റിലുകൾ. നടിയും സൗന്ദര്യമത്സര ടൈറ്റിൽ ഹോൾഡറും മിസ് ടൂറിസം ഇന്ത്യ 2007 ജേത്രിയും ഫെമിന മിസ് ഇന്ത്യ 2007 ഫൈനലിസ്റ്റുമായ പ്രിയങ്ക ഷായാണ് ചീഫ് ഗ്രൂമർ.മേഘ ആന്റണി, എയ്ഞ്ചൽ ബെന്നി, ഇന്ദു ലേഖ, അമ്മു ഇന്ദു അരുൺ, ശ്രീകൃപ സി, കൃഷ്ണേന്ദു സുരേന്ദ്രൻ, സോന അന്ന സിബി, കീർത്തി ലക്ഷ്മി യുബി, അൻഷി ചന്ദ്രശേഖർ, റോസ്മി ഷാജി, അദ്രിക സഞ്ജീവ്, അസ്മിൻ, വന്ദന നായർ, അരുന്ധതി എൻ, ഷൈമ അബ്ദുൽ ജലീൽ, മാളവിക ഷാജ്, സാനിയ ഫാത്തിമ, മെൽബ ശങ്കർ, ജാൻ ജെ മണിത്തോട്ടം എന്നിവരാണ് മിസ് കേരള 2024ൽ മാറ്റുരക്കുന്നത്.സിനിമ, മോഡലിംഗ്, ഫാഷൻ ഡിസൈനിംഗ്, കോസ്മെറ്റോളജി, ബിസിനസ് ആന്റ് ഇൻഡസ്ട്രി, സോഷ്യൽ എന്റർപ്രണർ തുടങ്ങിയ വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന വിധികർത്താക്കളുടെ പാനലാണ് ഗ്രാൻഡ് ഫിനാലെയിലുണ്ടാവുക.



# ഗോഡ്സ്പീഡ് 15ാം വർഷത്തിലേക്ക്

**കൊച്ചി:** വിദേശത്ത് പഠനവും ജോലിയും ജീവിതവും സ്വപ്നംകാണുന്നവർക്ക് അത് സാധ്യമാക്കി കൊണ്ട് കൊച്ചി ആസ്ഥാനമായ ഗോഡ് സ്പീഡ് ഇമിഗ്രേഷൻ ആൻഡ് സ്റ്റഡിഎബ്രോഡ് പ്രൈവറ്റ് ലിമിറ്റഡ് 15ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ഇതിന്റെ ഭാഗമായി കൊച്ചിയിൽ നടന്ന ആഘോഷം ഉമാ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഉത്തരവാദിത്വവും , കൃത്യതയും വേണ്ട വിസാ നടപടികൾവേഗത്തിലും എളുപ്പത്തിലും സാധ്യമാക്കുന്നുവെന്നതാണ് ഗോഡ്സ്പീഡിന്റെപ്രത്യേകതയെന്ന് മാനേജിംഗ് ഡയറക്ടർ എ. രേണു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഇമിഗ്രേഷൻ, സ്റ്റഡി ,വിദേശ കൺസൾട്ടൻസി മേഖലയിലെ ഒരു വനിത നേതൃത്വം നൽകുന്ന ആദ്യ സ്ഥാപനം കൂടിയാണ്.

നിലവിൽ, ഒന്നര ലക്ഷത്തിലധികം വിദ്യാർത്ഥികളെയും , പ്രൊഫഷണലുകൾക്ക്വിദേശത്ത് പഠിക്കാനും ജോലി ചെയ്യാനുമുള്ള അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിഞ്ഞതായും രേണു പറഞ്ഞു.വിസ അപേക്ഷകളിൽ 99.87% വിജയശതമാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. സേവനത്തിന്റെ നിലവാരം കൂടുതൽഉയർത്തുവാനും വിസ ഫയലിംഗ് കുറ്റമറ്റതാക്കുവാനും വേണ്ടി ഈ രംഗത്ത് 531ദലൃീ പ്രോസസ്സ് എന്ന ഡോക്യുമെന്റേഷൻ സംവിധാനം ആദ്യമായി അവതരിപ്പിച്ചതും ഗോഡ്സ്പീഡ് ആണ്. ഇത് കൊണ്ട് തന്നെ വിസ ലഭിയ്ക്കുന്നതിന് എളുപ്പംസാധിക്കുന്നുവെന്നും രേണു പറഞ്ഞു.ഒരു ഉപഭോക്താവിന്റെ വിദേശ സ്വപ്നങ്ങൾ സാധ്യമാക്കുന്നത് മാത്രമല്ല അവരെജോലിക്കോ പഠനത്തിനോ ആയി തിരഞ്ഞെടുക്കുന്ന രാജ്യത്ത് എത്തിക്കുകയും അവിടെ അവർക്ക് വേണ്ട സഹായങ്ങളും ഗോഡ്സ്പീഡ് ചെയ്യുന്നു.ഗോഡ്സ്പീഡിന്റെ തൊഴിൽ ശക്തിയിൽ 90% വനിതകളാണ്. സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് കൂടുതൽ പരിഗണന നൽകി അവർക്ക് ഈ മേഖലയിൽ ആവശ്യമായ നൈപുണ്യം നൽകി തൊഴിൽ നൽകുക എന്ന ലക്ഷ്യം കൂടി ഗോഡ്സ്പീഡ് കഴിഞ്ഞ പതിനഞ്ച് വർഷമായി ചെയ്തു വരുന്നുണ്ടെന്നും രേണു പറഞ്ഞു. നിലവിൽ കൊച്ചി, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ, ബാംഗ്ലൂർ, ഓസ്ട്രേലിയ, കാനഡ എന്നിവിടങ്ങളിൽ ഗോഡ്സപീഡിന്റെ ഓഫീസുകൾപ്രവർത്തിക്കുന്നു. കൂടുതൽ രാജ്യങ്ങളിലേക്ക് ഗോഡ്സ്പീഡിന്റെ സേവനങ്ങൾ വിപുലീകരിക്കാൻ ഒരുങ്ങുകയാണെന്നും രേണു പറഞ്ഞു.




# സ്വിസ്റ്റൺ ക്യാമ്പസിന്റെ സോഫ്റ്റ് ലോഞ്ചിംഗ് നാളെ

**തിരുവനന്തപുരം:** സംസ്ഥാനത്തെ ആദ്യ വ്യാവസായിക ക്യാമ്പസായ സ്വിസ്റ്റൺ കണ്ണൂർ ക്യാമ്പസിന്റെ സോഫ്റ്റ് ലോഞ്ചിംഗ് ഡിസംബർ 20ന് നടക്കും. ഒരു ഉൽപ്പന്നത്തിന്റെ ഗ്രാൻഡ് ഓപ്പണിംഗിന് മുമ്പായി ക്ഷണിക്കപ്പെട്ട അതിഥികൾക്കായി നടത്തുന്നതാണ് സോഫ്റ്റ് ലോഞ്ചിംഗ്.കണ്ണൂർ കൂത്തുപറമ്പ് മൂരിയാടുള്ള വലിയ വെളിച്ചം കെ.എസ്.ഐ.ഡി.സിയുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിലെഅൽ ഫാസ് വുഡ് പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിലുള്ള സ്വിസ്റ്റൺ ക്യാമ്പസിന്റെ ഉദ്ഘാടനം വെള്ളിയാഴ്ച ഉച്ചയ്ക്ക് മൂന്ന് മണിക്ക് വ്യവസായ മന്ത്രി പി.രാജീവ് നിർവഹിക്കും.



ഐട്രിപ്പിൾഇ കേരള കെപിപി നമ്പ്യാർ അവാർഡ് മധു എസ് നായർക്ക് ഐട്രിപ്പിൾ ഇ കേരള മുൻ ചെയർമാൻ ഡോ.സുരേഷ് നായർ കൈമാറുന്നു. ഡോ. മിനി ഉള്ളനാട്, ഡോ.ബിജുനാ കുഞ്ഞ്, അവാർഡ് കമ്മിറ്റി ചെയർമാൻ ശ്രീനിവാസൻ സമീപം

# ഐട്രിപ്പിൾഇ കേരള കെപിപി നമ്പ്യാർ അവാർഡ് മധു എസ് നായർക്ക് സമ്മാനിച്ചു

**കൊച്ചി:** എൻജിനീയർമാരുടെ അന്താരാഷ്ട്ര സംഘടനയായ ഐട്രിപ്പിൾഇ യുടെ കേരള ഘടകം അതിന്റെ സ്ഥാപക ചെയർമാനും ഇലക്ട്രോണിക് വ്യവസായ രംഗത്തെ പ്രമുഖനുമായിരുന്ന കെപിപി നമ്പ്യാരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ കെ.പി.പി നമ്പ്യാർ അവാർഡ്

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർക്ക് കൊച്ചിയിൽ വച്ച് നടന്ന ചടങ്ങിൽ സമ്മാനിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യയുടെ ആദ്യത്തെ തദ്ദേശീയ വിമാനവാഹിനിക്കപ്പലായ കചട വിക്രാന്ത് കമ്മീഷൻ ചെയ്യലും ഹൈഡ്രജൻ ഇന്ധന സെൽ വെസലുകൾ പോലെയുള്ള ഗ്രീൻ ഷിപ്പിംഗ് സംരംഭങ്ങളുടെ സമാരംഭവും ഉൾപ്പെടെ ചരിത്രപരമായ നാഴികക്കല്ലുകൾ ഷിപ്പ് യാർഡ് കൈവരിച്ചു.

അമർനാഥ് രാജ ഹ്യുമാനിറ്റേറിയൻ ടെക്നോളജി അവാർഡ് ചാണ്ഡീഗഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. മൻപ്രീത് സിംഗ് മന്നയ്ക്ക് ലഭിച്ചു. 75,000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. അമർനാഥ് രാജ ഹ്യൂമാനിറ്റേറിയൻ ടെക്നോളജി അവാർഡിലെ ആദരണീയ പരാമർശം ഐഐടി ഖരഗ്പൂർ പ്രൊഫ. ശ്രീഷേന്ദു ഡെക്ക് ലഭിച്ചു. 50,000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

ഇന്ത്യൻ ടെലികമ്മ്യൂണിക്കേഷൻ സർവ്വീസിലെ ശ്രീമതി വി ശോഭനയ്ക്ക് ഔട്ട്സ്റ്റാന്റിംഗ് വുമൺ എഞ്ചിനീയർ അവാർഡും കോഴിക്കോട് എൻഐടിയിലെ പ്രൊഫ. എസ് എം സമീറിന് മികച്ച അദ്ധ്യാപകനുള്ള അവാർഡും ലഭിച്ചു.

ഇൻഡസ്ട്രി അക്കാഡമിയ സഹകരണത്തിനുള്ള അവാർഡ് ടാറ്റാ എലക്സി ക്ക് ലഭിച്ചു. ഫ്രണ്ട് ഓഫ് ഐട്രിപ്പിൾഇ അവാർഡ് സിഡാക്ക് തിരുവനന്തപുരത്തിനും മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് കൊച്ചിക്കും ലഭിച്ചു. ഐട്രിപ്പിൾഇ കേരള ഘടകം വോളണ്ടിയർ അവാർഡുകളും ചടങ്ങിൽ സമ്മാനിച്ചു.

# ഹെലി ടൂറിസം: യാത്രാ ബുക്കിംഗിന് പ്രത്യേക ആപ്പ് പുറത്തിറക്കും

**കൊല്ലം:** സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ഹെലികോപ്റ്റർ സർവീസുകൾ ആരംഭിക്കുന്നതിനു മുന്നോടിയായി യാത്ര ബുക്ക് ചെയ്യാൻ ടൂറിസം വകുപ്പ് പ്രത്യേക ആപ്പ് പുറത്തിറക്കും. ടിക്കറ്റ് തുക ഉൾപ്പെടെ എല്ലാ വിവരങ്ങളും ആപ്പിലൂടെ അറിയാനാകും. യാത്രയിൽ പാലിക്കേണ്ട മുൻകരുതലും നിർദേശങ്ങളുമുണ്ടാകും.

മന്ത്രിസഭ പാസാക്കിയ ഹെലിടൂറിസം നയത്തിലെ നിർദേശത്തിൻറെ അടിസ്ഥാനത്തിലാകും ആപ്പ് തയാറാക്കുക. ടൂറിസം വകുപ്പിനു കീഴിലുള്ള കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ) ആയിരിക്കും ഹെലി ടൂറിസം പദ്ധതിയുടെ ഏകോപന ചുമതല.

 േ വ്യാമയാന മന്ത്രാലയം, ഗതാഗതം, തദ്ദേശം, ടൂറിസം, പൊതുമരാമത്ത് വകുപ്പുകളുടെ സഹകരണത്തോടെയാകും പ്രവർത്തനം. സംസ്ഥാനത്ത് ഹെലിപാഡുകളും ഹെലിസ്റ്റേഷനുകളും നിർമിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനു വിദഗ്ധ സമിതിയുടെ



നേതൃത്വത്തിൽ സർവേയും സാധ്യതാപഠനവും നടത്തും. യാത്രക്കാരുടെ സുരക്ഷയ്ക്കായി ഹെലികോപ്ടർ കമ്പനികളുടെ നേതൃത്വത്തിൽ ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കും. പുതിയ നയത്തിൻറെ അടിസ്ഥാനത്തിൽ സ്വകാര്യ നിക്ഷേപകർക്ക് സ്വന്തം സ്ഥലങ്ങളിലോ സർക്കാർ ഭൂമിയിലോ ഹെലിപാഡുകളും ഹെലിപോർട്ടുകളും എയർസ്ട്രിപ്പുകളും നിർമിക്കാൻ പ്രത്യേക സബ്സിഡിയും ഇളവുമുണ്ട്.




# എംപോക്സ് വാക്സിൻ നിർമാണം; സിറം ഇൻസ്റ്റിറ്റ്യൂട്ടും ബവേറിയൻ നോർഡിക്കും കരാറിലായി

**ന്യൂഡൽഹി:** ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ നിർമാതാക്കളായ സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി ബവേറിയൻ നോർഡിക് എ/എസ് കരാറിലായി.

ഡാനിഷ് ബയോടെക് സ്ഥാപനത്തിൻറെ എംപോക്സ് വാക്സിൻ നിർമിക്കാനുള്ള കരാറിലാണ് ഏർപ്പെട്ടത്. ബവേറിയൻ നോർഡിക് കന്പനി സിറം ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് സാങ്കേതികവിദ്യകൾ കൈമാറും.

അതിനാൽ വാക്സിൻ നിർമാതാവിന് ഇന്ത്യൻ വിപണിയിലേക്കു വാക്സിൻ വിതരണം ചെയ്യാൻ കഴിയും. ഈ കരാർ സിറം ഇൻസ്റ്റിറ്റ്യൂട്ടിൻറെ ആഗോള വിപുലീകരണ സാഹചര്യമൊരുക്കും. ലാഭം പങ്കിടുന്ന മാതൃകയിലാണ് കരാർ തയാറാക്കിയിരിക്കുന്നത്. എംപോക്സ് കുത്തിവയ്പ്പുള്ള ചുരുക്കം ചില വാക്സിൻ നിർമാതാക്കളിൽ ഒന്നാണ് ബവേറിയൻ. 2022ൽ ലോകമെന്പാടും രോഗം വ്യാപിച്ച സമയത്ത് അതിൻറെ വാക്സിനുകൾ രോഗനിയന്ത്രണത്തിൽ നിർണായക പങ്ക് വഹിച്ചു.



# പിട്ടാപ്പിള്ളിൽ വിപുലീകരിച്ച ഷോറൂം പെരിന്തൽമണ്ണയിൽ

**കൊച്ചി:** കേരളത്തിലെ പ്രമുഖ ഗൃഹോപകരണ ശൃംഖലയായ പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ വിപുലീകരിച്ച ഷോറൂം മലപ്പുറം പെരിന്തൽമണ്ണയിൽ പഞ്ചായത്ത് പ്രസിഡണ്ട് സാഇദ ഉദ്ഘാടനം ചെയ്തു. പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, ഡയറക്ടർമാരായ ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, അജോ പിട്ടാപ്പിള്ളിൽ, ജനറൽ മാനേജർ എ.ജെ. തങ്കച്ചൻ തുടങ്ങിയവർ പങ്കെടുത്തു. ഫാദർ ആന്റണി ജോർജ് കാരിക്കുന്നേൽ ആശിർവാദകർമ്മം നിർവഹിച്ചു.ക്രിസ്മസ്, ന്യൂ ഇയർ ഓഫറിന്റെ ഭാഗമായി പിട്ടാപ്പിള്ളിൽ ഏജൻസീസിൽ 'വൗ സെയിൽ' ഓഫറിലൂടെ സ്വന്തമാക്കാം ബംബർ സമ്മാനമായി ഇലക്ട്രിക് കാറും ആകർഷമായ സമ്മാനങ്ങളും ഒരുക്കിയാണ് പിട്ടാപ്പിള്ളിൽ ഏജൻസീസ് ഓഫറുകൾ രുപകൽപ്പന ചെയ്തിട്ടുള്ളത്.മൊബൈൽ ഫോൺ, ലാപ്ടോപ്പ്, എൽ.ഇ.ഡി ടി.വി, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, അടുക്കള ഉപകരണങ്ങൾ എന്നീ ഉത്പന്നങ്ങൾ പ്രത്യേക ഇ.എം.ഐ സ്കീമിൽ വാങ്ങുവാനും 15,000 രൂപ വരെ കാഷ് ബാക്ക് നേടാനുമുള്ള അവസരം പിട്ടാപ്പിള്ളിൽ വണ്ടേഴ്സ് എക്സ്ചേഞ്ച് ഓഫറിലൂടെ ഒരുക്കിയിട്ടുണ്ട്.

# റീഗൽ ജുവലേഴ്സ് ഷോറൂം ബംഗളൂരു കമ്മനഹള്ളിയിൽ

**തൃശൂർ:** സംസ്ഥാനത്തെ പ്രമുഖ ജുവലറി ബ്രാൻഡായ റീഗൽ ജുവലേഴ്സിന്റെ കർണാടകയിലെ ആദ്യ മാനുഫാക്ചറിംഗ് ആൻഡ് ഹോൾസെയിൽ ഷോറൂമിന്റെ ഉദ്ഘാടനം ബംഗളൂരുവിലെ കമ്മനഹള്ളിയിൽ കന്നട സിനിമാതാരം രാധിക പണ്ഡിറ്റ് നിർവഹിച്ചു.വിദഗ്ദ്ധരായ കലാകാരന്മാരുടെ കരവിരുതിൽ പരമ്പരാഗത ആഭരണശൈലികളെ പുത്തൻ ഡിസൈനുകളുമായി കോർത്തിണക്കിയ ശേഖരങ്ങളാണ് 1978ൽ ശിവദാസ് താമരശ്ശേരി തുടക്കമിട്ട റീഗൽ ജുവലേഴ്സിനെ മികച്ച ബ്രാൻഡായി ഉയർത്തിയത. പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി മല്ലേശ്വരത്ത് പുതിയ ഷോറൂം ആരംഭിക്കാനും റീഗൽ ജുവലേഴ്സ് ലക്ഷ്യമിടുന്നു.



അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റലിലെ മെഡിക്കൽ പ്ലാസ്റ്റിക് റീകൺസ്ട്രക്ഷൻ, ഏസ്തെറ്റിക് ആൻഡ് ഹാൻഡ് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ ആദിത്യ രംഗരാജൻ, മെഡിക്കൽ സൂപ്രണ്ട് ഡോ സജു സാമുവൽ ജേക്കബ്, ഇന്റേണൽ മെഡിസിൻ സീനിയർ കൺസൾട്ടന്റ് ഡോ. ജ്യോതിഷ് ആർ നായർ എന്നിവർ തൃശൂർ പ്രസ് ക്ലബ്ബിൽ നടന്ന വാർത്താ സമ്മേളനത്തിൽ.

# ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുമായി അപ്പോളോ അഡ്‌ലക്സ് ആശുപത്രി

**അങ്കമാലി:** പ്രമേഹം കൊണ്ടുള്ള പാദ പ്രശ്നങ്ങൾക്ക് പ്രത്യേക പരിചരണം നൽകുന്നതിനായി വിപുലമായ ഡയബറ്റിക് ഫൂട്ട് ക്ലിനിക് ആരംഭിച്ച് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രി. പ്രമേഹ പാദമുള്ള രോഗികൾക്ക് സമയബന്ധിതവും സമഗ്രവുമായ പരിചരണം നൽകാനും അവരുടെ ജീവിതനിലവാരം ഉയർത്താനും ലക്ഷ്യമിട്ടു കൊണ്ടാണ് ഡയബറ്റിക് ഫൂട്ട് ക്ലിനിക് പ്രവർത്തനമാരംഭിക്കുന്നത്.

ഡിസംബർ 17ന് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ ആരംഭിച്ച ഡയബറ്റിക് ഫൂട്ട് ക്ലിനിക്കിൽ ഉദ്ഘാടനത്തോടനുബന്ധിച്ച് മുപ്പത്തിയെട്ടോളം പരാമീറ്ററ്സ് അടങ്ങിയ രണ്ട് പ്രത്യേക ഡയബറ്റിക് ഫൂട്ട് സ്ക്രീനിംഗ് പാക്കേജുകൾ ലഭ്യമായിരിക്കും. ഡയബറ്റിക് ഫൂട്ട് ക്ലിനിക്കിനായി നൂതന ചികിത്സാരീതികളുമായി കാർഡിയോളജി, ഓർത്തോ, ഇന്റേണൽ മെഡിസിൻ, നെഫ്രോളജി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാർ അണിനിരക്കുന്ന ഡയബറ്റിക് മാനേജ്മെന്റ് ടീമിനെ അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

വാർത്താ സമ്മേളനത്തിൽ മെഡിക്കൽ സൂപ്രണ്ട് ഡോ സജു സാമുവൽ ജേക്കബ്, ഇന്റേണൽ മെഡിസിൻ സീനിയർ കൺസൾട്ടന്റ് ഡോ ജ്യോതിഷ് ആർ നായർ, പ്ലാസ്റ്റിക് റീകൺസ്ട്രക്ഷൻ, ഏസ്തെറ്റിക് ആൻഡ് ഹാൻഡ് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ ആദിത്യ രംഗരാജൻ എന്നിവർ പങ്കെടുത്തു.

# പ്രവാസികൾക്ക് പ്രത്യേക സേവനങ്ങളുമായി ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** എൻആർഐ വിഭാഗത്തിൽ പെട്ടവരുടെ സവിശേഷമായ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിൽ ബജാജ് അലയൻസ് പ്രത്യേക സേവനങ്ങൾ ഏർപ്പെടുത്തി പ്രവാസി സമൂഹത്തോടുള്ള പ്രതിബദ്ധത തുടരുന്നു. താങ്ങാനാവുന്ന ബുദ്ധിമുട്ടില്ലാതെ വാങ്ങാമെന്നത് ഇന്ത്യൻ ലൈഫ് ഇൻഷൂറൻസ് പദ്ധതികളെ എൻആർഐ സമൂഹത്തിനു മുന്നിൽ പ്രിയങ്കരമാക്കുന്നുണ്ട്. യൂലിപ് പോലുള്ള മൂല്യവർധിത പദ്ധതികൾ അവതരിപ്പിക്കുന്നതും എൻആർഐകൾക്ക് ഇന്ത്യൻ വിപണിയിൽ നിക്ഷേപിക്കാനുള്ള അവസരം ലഭ്യമാക്കുന്നതിനൊപ്പം ഇൻഷൂറൻസ് പരിരക്ഷയുടെ നേട്ടവും പ്രദാനം ചെയ്യും. ബജാജ് അലയൻസിൻറെ ഡിജിറ്റൽ സംവിധാനങ്ങൾ പ്രവാസികൾക്ക് എവിടെ ഇരുന്നും സേവനങ്ങൾ തേടാനും പോളിസി കൈകാര്യം ചെയ്യാനും അവസരം ഒരുക്കുന്നുമുണ്ട്.

എൻആർഐ വിഭാഗത്തിന്റെ പ്രത്യേകമായ ആവശ്യങ്ങൾക്ക് അനുസൃതമായ പോളിസികൾ ലഭ്യമാക്കാൻ സാധിക്കുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ ബജാജ് അലയൻസ് ലൈഫ് ഇൻഷൂറൻസ് ചീഫ് ഓപ്പറേഷൻസ് ആൻറ് കസ്റ്റമർ എക്സ്പീരിയൻസ് ഓഫീസർ രാജേഷ് കൃഷ്ണൻ പറഞ്ഞു.

# ഹോണ്ടയും നിസ്സാനും ഒരുമിക്കുന്നു, ഒപ്പം മിത്സുബിഷിയും



**മുംബൈ:** ജാപ്പനീസ് വാഹനനിർമാതാക്കളായ ഹോണ്ടയും നിസ്സാനും കൈകോർക്കാനൊരുങ്ങുന്നതായി സൂചന. ഇതുസംബന്ധിച്ച് ഇരുകമ്പനികളും തമ്മിൽ പ്രാരംഭചർച്ചകൾ ആരംഭിച്ചതായാണ് റിപ്പോർട്ട്. സഹകരണം ശക്തമാക്കുന്നതിനൊപ്പം ലയനസാധ്യതകളും ചർച്ചചെയ്യുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.പ്രാദേശികതലത്തിലും ആഗോളതലത്തിലും എതിരാളികളിൽനിന്നുള്ള കടുത്ത മത്സരം നേരിടാനായയാണ് ജാപ്പനീസ് വാഹനനിർമാതാക്കളായ ഹോണ്ടയും നിസ്സാനും കൈകോർക്കുന്നത്. ടെസ്ലയും ചൈനീസ് വാഹനനിർമാതാക്കളും അടക്കിവാഴുന്ന ഇലക്ട്രിക് വാഹന നിർമാണ രംഗത്തായിരിക്കും ഇരുവരും കൂടുതൽ സഹകരിക്കുകയെന്നും റിപ്പോർട്ടുകളിൽ പറയുന്നു. നിസാൻഹോണ്ട കമ്പനികളുടെ കുടക്കീഴിൽ പുതിയൊരു സംരംഭം ആരംഭിക്കാനുള്ള സാധ്യതയും ചർച്ചചെയ്യപ്പെടുന്നുണ്ടെന്നാണ് സൂചന. എന്നാൽ, ഇതുസംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ പുറത്തുവന്നിട്ടില്ല. അതിനിടെ, ഹോണ്ടയ്ക്കും നിസ്സാനും ഒപ്പം മറ്റൊരു ജാപ്പനീസ് വാഹനനിർമാതാക്കളായ 'മിത്സുബിഷി'യും പങ്കാളികളായേക്കുമെന്നും റിപ്പോർട്ടുകളുണ്ട്.

ഇ.വി. വിപണിയിൽ വെല്ലുവിളികളുയർന്നതോടെയാണ് ഹോണ്ടയും നിസ്സാനും പുതിയ നീക്കങ്ങളിലേക്ക് കടക്കുന്നത്. ഇ.വി.കളുടെ കടന്നുവരവോടെ യൂറോപ്പിലും യു.എസിലും ഇരുകമ്പനികൾക്കും കടുത്ത മത്സരം നേരിടേണ്ടിവന്നിരുന്നു. വിപണിയിലും പിന്നോട്ടുപോയി. ഇതിനൊപ്പം ഇലക്ട്രിക് വാഹനങ്ങൾക്ക് ആവശ്യക്കാരേറിയതോടെ ചൈനയിലെ വിപണിവിഹിതത്തിലും ഹോണ്ടയ്ക്കും നിസ്സാനും വൻ ഇടിവുണ്ടായി. ഇതും പുതിയനീക്കത്തിന് കാരണമായെന്നാണ് റിപ്പോർട്ടുകളിൽ പറയുന്നത്. ടൊയോട്ട കഴിഞ്ഞാൽ ജപ്പാനിലെ ഏറ്റവും വലിയ രണ്ടാമത്തെ വാഹനനിർമാതാക്കളാണ് ഹോണ്ട. നിസ്സാൻ ഏറ്റവും വലിയ മൂന്നാമത്തെ കമ്പനിയും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com